# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## പ്രോഗ്രാം അസിസ്റ്റന്റുമാരുടെ നിയമനം : അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പ്

നിയമസഭാ സെക്രട്ടേറിയറ്റിൽ നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ സംഘാടനവുമായി ബന്ധപ്പെട്ട് പ്രോഗ്രാം അസിസ്റ്റന്റായി കരാർ അടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് താഴെപ്പറയുന്ന യോഗ്യതയുള്ള 25 നും 45 നും ഇടയിൽ പ്രായമുള്ളവരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യത**

അപേക്ഷകർ ഇന്ത്യയിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ എം.ഫിൽ അഥവാ പി.എച്ച്.ഡി. ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രാവീണ്യവും കേരളത്തിലെ സ്ഥിരതാമസക്കാരുമായിരിക്കണം.

**അഭികാമ്യ യോഗ്യത**

നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ' പാസായവർക്കും സെമിനാർ, ഡിബേറ്റ്, കോൺഫറൻസ് തുടങ്ങിയവ സംഘടിപ്പിച്ചും അവയിൽ പങ്കെടുത്തുള്ള പരിചയമുള്ളവർക്കും മുൻഗണന നൽകുന്നതാണ്.

**ജോലികൾ/ചുമതലകൾ**

ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ ഭാഗമായ ജോലികൾ, നിയമസഭാ സെക്രട്ടേറിയറ്റ് ഏൽപ്പിക്കുന്ന മറ്റ് ജോലികൾ, വജ്രജൂബിലി ആഘോഷങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഓഫീസ് ജോലികൾ, സെമിനാറുകൾ, ഡിബേറ്റുകൾ, മത്സരങ്ങൾ എന്നിവയുടെ നടത്തിപ്പ്, കലാപരിപാടികളുടെ നടത്തിപ്പ്, പരിപാടികൾ സംബന്ധിച്ച പരസ്യങ്ങൾ, പരിപാടികൾക്ക് ശേഷമുള്ള പത്രക്കുറിപ്പുകൾ,

വ്യക്തികളും സ്ഥാപനങ്ങളുമായി നേരിട്ടും കത്ത്/ഇന്റർനെറ്റ് മുഖേനയുമുള്ള ബന്ധപ്പെടൽ, വിശിഷ്ട വ്യക്തികളുമായുള്ള കത്തിടപാടുകൾ, വിശിഷ്ട വ്യക്തികൾ സന്ദർശിക്കുന്ന വേളയിലുള്ള സ്വീകരണം, യാത്രാ സൗകര്യം, താമസസൗകര്യം, സുരക്ഷ എന്നിവ ഒരുക്കൽ, പ്രസംഗങ്ങളും കുറിപ്പുകളും തയ്യാറാക്കൽ, യാത്രബത്ത സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ തുടങ്ങി നിയമസഭ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശമനുസരിച്ചുള്ള വ്യത്യസ്ത സ്വഭാവമുള്ള ചുമതലകൾ കാര്യക്ഷമമായും അച്ചടക്കത്തോടെയും നിർവ്വഹിക്കുക.

## വേതനം/കാലാവധി

നിയമന തീയതി മുതൽ മൂന്നു മാസത്തെ കാലയളവിലായിരിക്കും നിയമനം. നിയമസഭാ സെക്രട്ടേറിയറ്റിനു ആവശ്യമുള്ള പക്ഷം കാലാവധി ദീർഘിപ്പിക്കുന്നതാണ്. പ്രതിമാസം ₹30,000/- സമാഹൃത വേതനമാണ് തെരഞ്ഞെടുക്കുന്നവർക്ക് നിശ്ചയിച്ചിട്ടുള്ളത്.

## നിയമന രീതി

വിശദമായ ബയോഡേറ്റ, സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതമുള്ള അപേക്ഷകൾ നിയമസഭാ സെക്രട്ടറി, നിയമസഭാ സമുച്ചയം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ ഇ-മെയിൽ (servicesa@niyamasabha.nic.in) മുഖാന്തിരമോ 11.07.2018-നു വൈകുന്നേരം 5 മണിക്കു മുൻപായി ലഭ്യമാക്കേണ്ടതാണ്. ഇ-മെയിൽ വഴി അപേക്ഷിക്കുന്നവർ ബയോഡേറ്റ, സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സ്കാൻ ചെയ്ത് അയയ്ക്കേണ്ടതാണ്. തപാൽ മുഖേനയുള്ള അപേക്ഷകളിൽ കവറിനു പുറത്ത് 'പ്രോഗ്രാം അസിസ്റ്റന്റ് നിയമനത്തിനുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകരിൽ നിന്നും അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. ബയോഡേറ്റയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ അഭിമുഖ സമയത്ത് ഹാജരാക്കേണ്ടതാണ്. ബയോഡേറ്റയിൽ നിർബന്ധമായും അപേക്ഷകരുടെ ഇ-മെയിൽ വിലാസം രേഖപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകൾ ഇ-മെയിൽ വഴി മാത്രമായിരിക്കും.

പ്രോഗ്രാം അസിസ്റ്റന്റിന്റെ നിയമനവുമായി ബന്ധപ്പെട്ട കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനം അന്തിമമായിരിക്കും.

**സെക്രട്ടറി,**
**കേരള നിയമസഭ.**